# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 548 — 30.06.2016-ൽ മറുപടിയ്ക്ക്

## 'വനദീപ്തി' പദ്ധതി വ്യാപിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.ബി. ഗണേഷ് കുമാർ** | ശ്രീ. അഡ്വ: കെ. രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) പുനലൂരിലെ പത്തുപറയെ മാതൃകയാക്കി വനദീപ്തി പദ്ധതി സംസ്ഥാനത്ത് സാദ്ധ്യതയുള്ളയിടങ്ങളിൽ വ്യാപിപ്പിക്കാൻ സർക്കാർ പരിഗണിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ; | എ) സർക്കാരിന്റെ 23.06.2012 ലെ ജി.ഒ. (ആർ.റ്റി.) 314/12/വനം നമ്പർ ഉത്തരവ് പ്രകാരം പുനലൂർ ഡിവിഷന്റെ കീഴിലുള്ള പത്തുപറയിൽ 5 ഹെക്ടർ വന പ്രദേശത്ത് വനദീപ്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഏകവിളത്തോട്ടങ്ങൾ മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക , ടി പ്രദേശത്ത് ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുപാടുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക്, വിശിഷ്യാ തദ്ദേശ വാസികൾക്ക് വനത്തെ നേരിട്ട് അറിയുവാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക., ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വന ദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ .<br><br>പ്രസ്തുത പദ്ധതിയുടെ പാരിസ്ഥിതിക നേട്ടങ്ങൾ കണക്കിലെടുത്ത് സ്ഥലലഭ്യതയും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ടി പദ്ധതി സാദ്ധ്യതയുള്ള ഇടങ്ങളിൽ വ്യാപിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| ബി) | മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലും, വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശവും നിയന്ത്രിക്കാൻ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടതും വനത്തിനുള്ളിൽ നിർമ്മിക്കുന്നതുമായ 'തടയണകൾ' കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ; ; | ബി) | ഉണ്ട് . സംരക്ഷിത വന മേഖലകളിലെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ തടയണകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**